IV. ക്രമപ്രശ്നം

(a) ഫിനാൻസ് ബില്ലിന്റെ അവതരണം

ശ്രീ. മത്തായി ചാക്കോ: സർ, 2 കാര്യങ്ങളാണ് സഭയുടെ ശ്രദ്ധയിൽപ്പെടുത്താനുദ്ദേശിക്കുന്നത്. ഒന്ന് ഫിനാൻസ് ബിൽ ഡിമാന്റ് ചർച്ച പൂർത്തീകരിക്കുന്നതിന് മുൻപ് ഈ സഭയുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് അവതരിപ്പിക്കുന്നത് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിനൊരാവശ്യവുമില്ല. ഫിനാൻസ് ബിൽ ഷെഡ്യൂൾ ചെയ്ത് കഴിഞ്ഞു. ഈ ബില്ലിൽ 350-ഓളം ഭേദഗതികളുണ്ട്. അത് കഴിഞ്ഞിട്ട് പ്രധാനപ്പെട്ട സർവ്വകലാശാല ഭേദഗതി ബില്ലാണ്. ടൂറിസം ബില്ലുണ്ട്. അതുകൊണ്ട് സാധാരണ ഫിനാൻസ് ബിൽ അവതരിപ്പിക്കുന്ന ദിവസം മറ്റൊരു ഏർപ്പാടും വയ്ക്കാറില്ല. അത് അങ്ങേയ്ക്ക് എന്നെക്കാൾ കൂടുതൽ അറിയാമല്ലോ. BAC തീരുമാനം എടുത്തിട്ടുണ്ടെങ്കിലും ഈ ബില്ലുകളുടെ ചർച്ച ഇതേപോലെ വേറെ ഒരു ദിവസം വയ്ക്കാവുന്നതല്ലേ ഉള്ളൂ.

(b) റൂളിംഗ്

മി. സ്പീക്കർ : ധനകാര്യ ബിൽ ചർച്ച ചെയ്യുന്ന ദിവസം മറ്റൊരു ബില്ലും പരിഗണിക്കാൻ പാടില്ല എന്നുള്ള നിബന്ധന ഒന്നുമില്ല. 3 മണിക്കൂറാണ് ധനകാര്യ ബില്ലിന് സാധാരണ കൊടുക്കുക. അത് ഇന്നും കൊടുത്തിട്ടുണ്ട്. സാധാരണ ഉച്ച തിരിഞ്ഞ് പ്രത്യേക സാഹചര്യത്തിൽ മാത്രമെ സഭ ചേരാറുള്ളൂ. ഈ 7-ാം തീയതി നമ്മൾ ഷെഡ്യൂൾ പ്രകാരം വച്ചിരുന്നു. പക്ഷേ സി.പി.ഐ.യുടെ സംസ്ഥാന സമ്മേളനം പ്രമാണിച്ച് അന്ന് അവധി വേണമെന്ന് ആവശ്യപ്പെട്ടപ്പോൾ ഈ കാര്യം ബി.എ.സി-യിൽ ചർച്ച ചെയ്ത് എല്ലാപേരും കൂടി ഉണ്ടാക്കിയ സമവായത്തിന്റെ അടിസ്ഥാനത്തിൽ ഉച്ച തിരിഞ്ഞ് ചർച്ചയ്ക്ക് ഇരിക്കാനായിട്ട് തീരുമാനം എടുത്തതാണ്. ആ തീരുമാനം സഭയിൽ റിപ്പോർട്ട് മുഖേന വന്നു. അത് നമ്മൾ അംഗീകരിച്ചു. നീട്ടാം എന്നുവച്ചാൽ പ്രായോഗികമായ ചില ബുദ്ധിമുട്ടുകൾ കൂടിയുണ്ട്. ഇത് ഓർഡിനൻസ് റീപ്ലേസ് ചെയ്യാനുള്ളതായതുകൊണ്ടും സമയപരിധിയുള്ളതുകൊണ്ടും പ്രായോഗികമായ ഒരു സമീപനം എന്ന നിലയ്ക്കാണ് എല്ലാ കക്ഷി നേതാക്കളും സമ്മതിച്ച് ഇങ്ങനെയൊരു തീരുമാനം ഉണ്ടായത്. അതിൽ നിയമവിരുദ്ധമായിട്ട് യാതൊന്നുമില്ല. ഈ സാഹചര്യങ്ങൾ കണക്കിലെടുക്കുവാൻ എല്ലാപേരും സമ്മതിക്കുക.

ധനകാര്യവും, എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): എല്ലാ കക്ഷി നേതാക്കളും ചേർന്ന് തീരുമാനിച്ച് റിപ്പോർട്ട് സഭയിൽ വന്നതാണ്. സഭ അംഗീകരിച്ചതുമാണ്. ഇങ്ങനെയൊരു കീഴ്വഴക്കമില്ല. .....ബഹളം.....

V. റിപ്പോർട്ട് സമർപ്പണം

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ മുപ്പത്തിരണ്ടാമത് റിപ്പോർട്ട്

ശ്രീ. എ. സുജനപാൽ : സർ, അനൗദ്യോഗിക പ്രമേയങ്ങളും, ബില്ലുകളും സംബന്ധിച്ച സമിതിയുടെ 32-ാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly